LIBRARY ARCHIVES Kerala Legislative Assembly

പന്തളം നിയോജകമണ്ഡലത്തിൽ സെൻട്രൽ സ്കൂൾ

135 [1822] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ ഒരു സെൻട്രൽ സ്കൂൾ പന്തളം നിയോജകമണ്ഡലത്തിൽ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതി ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ അവിടെ പ്രസ്തുത സ്കൂൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പന്തളം നിയോജകമണ്ഡലത്തിലെ നൂറനാട് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഒരു സി.ബി.എസ്.ഇ. സ്കൂൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു ലഭിച്ച നിവേദനത്തിൽ സൂചിപ്പിച്ചിട്ടുള്ള ആരോഗ്യവകുപ്പിന്റെ കൈവശമുള്ള 12 ഏക്കർ സ്ഥലം പരിശോധിച്ച് വെള്ളം, വെളിച്ചം, ഗതാഗതം എന്നീ അടിസ്ഥാന സൗകര്യങ്ങളെപ്പറ്റി റിപ്പോർട്ട് ചെയ്യുന്നതിന് ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

പന്തളം കേന്ദ്രമായി സി.സി.ഡി.സി. റീജിയണൽ ഓഫീസ്

136 [1823] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺവേർട്ടഡ് ക്രിസ്ത്യൻ ഡവലപ്മെന്റ് കോർപ്പറേഷന്റെ പത്തനംതിട്ട ജില്ലയ്ക്ക് അനുവദിക്കുന്ന റീജിയണൽ ആഫീസ് പന്തളം കേന്ദ്രമാക്കി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേകം സംവിധാനം ഏർപ്പെടുത്തുമോ;

(സി) ഇപ്രകാരം അനുവദിക്കുന്ന ഓഫീസ് പന്തളത്ത് നിലവിലുള്ള എസ്.സി., എസ്.ടി. റീജിയണൽ ഓഫീസുമായി ബന്ധപ്പെടുത്തി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.